

# വിവാഹം

## രക്ഷാകരവും ദൈവശാസ്ത്രപരവുമായ ഒരു വീക്ഷണം




**പാസ്റ്റർ ജേക്കബ് മാമച്ചൻ**


സംഗീതിന്റെയും താന്യയുടെയും
വിവാഹദിനത്തിൽ നടത്തിയ പ്രഭാഷണം
(7 മെയ് 2022)

വേർഡ് ഓഫ് ഗോഡ് ദുബായ് ദൈവസഭക്ക് നേതൃത്വം നൽകുന്ന സന്നിഹിതരായിരിക്കുന്ന എന്റെ പ്രിയ പിതാവ്, പാസ്റ്റർ മാമച്ചൻ, മാതാവ് ബ്ലെസി അവരുടെ ആത്മീയ അദ്ധ്വാനങ്ങൾക്ക് ശാശ്വതമായ നന്ദിയും കടപ്പാടും ആദ്യമായി അറിയിക്കുന്നു.

വേർഡ് ഓഫ് ഗോഡ് ദൈവസഭ അംഗങ്ങൾ, പാസ്റ്റർ ജോൺസൺ, അദ്ദേഹത്തിന്റെ സഹശുശ്രൂഷകർ, വർഷങ്ങളായി ആത്മീയ സഹകരണമുള്ള പാസ്റ്റർ വർഗീസ് മത്തായി, പാസ്റ്റർ സാബു മാത്യൂ, ഇന്ത്യയിലും, വിദേശത്തുമുള്ള ബന്ധുമിത്രാദികൾ, തത്സമയം വീക്ഷിക്കുന്ന സഹോദരങ്ങൾ.

എല്ലാവർക്കും നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ നാമത്തിലുള്ള ആശംസകൾ അറിയിക്കുന്നു.

സംഗീതിന്റെയും താനിയായുടെയും ഒരുമിച്ചുള്ള ഭാവി ജീവിതത്തിനു ഏറ്റവും മികച്ചതൊന്ന് ആശംസിക്കാനാണ് ഞാനാഗ്രഹിക്കുന്നത്. ദിനംപ്രതി ദൈവഹിതം നിറവേറ്റാൻ നിങ്ങൾ കർത്താവിൽ ശ്രമിക്കണമെന്നാണ് എന്റെ പ്രാർത്ഥന.

ഞാൻ എന്റെ സന്ദേശത്തിലേക്ക് പ്രവേശിക്കട്ടെ.

***Zai Ha'yom asah Adonai (Yahweh)***
***'സേ ഹയോം അസാ അദോനയ് '***
***'ഇത് യഹോവയുണ്ടാക്കിയ ദിവസം' (സങ്കീ 118: 24)***

പെസഹാ ആഘോഷത്തിന്റെ എട്ടാം ദിവസത്തെ പെസഹാഭക്ഷണ വേളയിൽ ഈ സങ്കീർത്തനഭാഗം ഉപയോഗിച്ചിട്ടുണ്ട്. യേശുക്രിസ്തുവിനെയും അവന്റെ പുനരുത്ഥാനത്തെയും ചൂണ്ടിക്കാണിക്കുവാനാണ്

പുതിയ നിയമത്തിലും, ഈ സങ്കീർത്തനഭാഗം ഉദ്ധരിച്ചുകാണുന്നത്.

എന്നാൽ, സങ്കീർത്തനത്തിന്റെ ഈ ഭാഗം എടുത്തുകാട്ടുന്ന നിരവധി വിവാഹ കാർഡുകൾ ഇക്കാലത്തു പ്രത്യക്ഷപ്പെട്ടു കാണുന്നുണ്ട്. അതായത് സങ്കീർത്തനക്കാരൻ ഉദ്ധരിച്ച കർത്താവ് ഉണ്ടാക്കിയ 'ദിവസം' എന്നത്, തങ്ങളുടെ വിവാഹദിനമോ, ജന്മദിനമോ അതല്ലെങ്കിൽ അവരുടെ മറ്റേതെങ്കിലും പ്രത്യേക ദിവസത്തേയോ ആയി അവർ പറയുന്നു.

എന്നാൽ യഥാർത്ഥത്തിൽ ഈ സങ്കീർത്തനമൊരിക്കലും അത്തരത്തിലുള്ളയൊരു അർത്ഥമവിടെ പരാമർശിക്കുന്നില്ല. പകരം മിശിഹായെ സംബന്ധിച്ചാണ് എല്ലായ്പ്പോഴും ഇത് ഉപയോഗിച്ചു കാണുന്നത്.

അപ്പോൾ പ്രസക്തമായ ചോദ്യം ഇതാണ് - ആദ്യകാല ക്രിസ്ത്യൻ എഴുത്തുകാർ പോലും അത്തരത്തിലുള്ളയൊരു അർത്ഥവും ഉപയോഗിച്ചുകാണാത്തപ്പോൾ ഇവിടെ പലർക്കും ഈ വാക്യവും മറ്റ് പല വാക്യങ്ങളും തെറ്റായ വ്യാഖ്യാനത്തോടെ എങ്ങനെ ലഭിക്കുന്നു?

ലളിതമായ ഉത്തരം പറയാം, തിരുവെഴുത്തുകളുടെ സന്ദർഭം അറിയാതെയുള്ള വായനയും, അവരുടെ തെറ്റായ ദൈവശാസ്ത്രവുമാണ്.

കാർത്തേജിലെ സിപ്രിയനെ നമുക്കുദാഹരണമായെടുക്കാം. മൂന്നാം നൂറ്റാണ്ടിൽ അദ്ദേഹമെഴുതിയ പ്രാർത്ഥനയെക്കുറിച്ചുള്ള പ്രബന്ധങ്ങളിൽ ഈ സങ്കീർത്തനമുദ്ധരിച്ചു കാണുന്നു. ക്രിസ്തുവിനെയാണ് അവിടെ 'ദിവസം' എന്ന് വിളിച്ചിരിക്കുന്നത്.

വീണ്ടും, ഹിപ്പോയിലെ അഗസ്റ്റിൻ, ഈ ഉദ്ധരണി നാലാം നൂറ്റാണ്ടിൽ എഴുതിയതോന്നു നോക്കാം.

'ഈ വ്യക്തമായ പ്രവചന തിരുവെഴുത്തിൽ നിന്നും നമ്മൾ ചിലതൊക്കെ മനസ്സിലാക്കാൻ ശ്രമിക്കണം. എന്നാലത് പൊതുവായ ഏതെങ്കിലും ചില ദിവസങ്ങളെയല്ല. മാനുഷികകണ്ണുകൾക്ക് ദൃശ്യമായവയുമല്ല; സൂര്യോദയവും അസ്തമയവും ഉള്ള ദിവസവുമല്ല. എന്നാൽ ഒരു പ്രഭാതത്തെ അറിയാൻ കഴിയുമെങ്കിലും ഒരിക്കലും അതിന്റെ അസ്തമയമറിയാത്ത ഒരു ദിവസം. 'ഈ മൂലക്കല്ലാണ് നമ്മെ ആ ദിവസത്തിലേക്ക് പരിചയപ്പെടുത്തുന്നത്'.

പ്രിയമുള്ളവരേ, യഹോവ ഉണ്ടാക്കിയ ഏറ്റവും വലിയ ദിവസം എന്നത് വിവാഹ ദിവസമല്ല.

എന്നാൽ നമ്മുടെ നീതീകരണത്തിനായി, യേശുക്രിസ്തു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റ്, നമ്മുടെ കർത്താവും രക്ഷിതാവുമായി തീർന്ന ദിവസമത്രെ ആ ദിവസം.

യഹോവ ഉണ്ടാക്കിയ നമ്മുടെ ജീവിതത്തിലെ ഏറ്റവും മഹത്തായ ദിവസം ഇതാണെന്നു നാം വിശ്വസിക്കുകയും, അതിൽ നമുക്ക് സന്തോഷിച്ചു ആനന്ദിക്കുകയും ചെയ്യാം.

നമ്മുടെ രക്ഷയുടെ ദിവസവുമായി ഒത്തു നോക്കുമ്പോൾ, മറ്റെല്ലാ ദിവസങ്ങളും താരതമ്യം ചെയ്യുവാനാവുന്നതിനേക്കാൾ വളരെ ചെറുതാണ്.

ഒരു ഇംഗ്ലീഷ് ഗാനരചയിതാവ് കുറിച്ചിട്ടിരിക്കുമ്പോലെ

‘ഓ, എന്തൊരു അത്ഭുതകരമായ, ആശ്ചര്യകരമായ ദിവസം
ഞാൻ ഒരിക്കലും മറക്കാത്ത ദിവസം
ഞാൻ ഇരുട്ടിൽ അലഞ്ഞുനടന്ന ശേഷം
എന്റെ രക്ഷകനായ യേശുവിനെ ഞാൻ കണ്ടുമുട്ടി’

സംഗീതിനോടും താനിയയോടും വേഗത്തിലൊരു വാക്ക് പറയാം.

കുരിശിന്റെ സന്ദേശം നിങ്ങളുടെ ജീവിതത്തിൽ ആധിപത്യം സ്ഥാപിക്കട്ടെ. അങ്ങനെ നിങ്ങളുടെ ജീവിതത്തിലെ വ്യക്തികളും സംഭവങ്ങളും ദിവസങ്ങളും, ഉയർപ്പിന്റെ ദിവസവുമായി താരതമ്യം ചെയ്യുമ്പോൾ, മറ്റെല്ലാറ്റിന്റെയും പ്രാധാന്യം കുറയുന്നതായി കാണാം.

പത്രോസ് തന്റെ ആദ്യ ലേഖനത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നു:

1 പത്രോസ് 1: 24-25 'സകലജഡവും പുല്ലുപോലെയും അതിന്റെ ഭംഗി എല്ലാം പുല്ലിന്റെ പൂപോലെയും ആകുന്നു; പുല്ലു വാടി പൂവുതിർന്നുപോയി; കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു.'

എന്റെ സന്ദേശത്തിൽ, വിവാഹത്തെക്കുറിച്ചുള്ള ബൈബിൾ സന്ദർഭോചിതമായ വീക്ഷണം, മൂന്ന് വിഷയങ്ങളാക്കി, ഇവിടെ അറിയിക്കാൻ പരമാവധി ശ്രമിക്കുന്നതാണ്.

***ഒന്ന് - പുരാതന ലോകവും പഴയ നിയമവും***

***രണ്ട് - പുതിയ നിയമം***

***മൂന്ന് - ചില ഉപസംഹാരങ്ങൾ***

എന്റെ സന്ദേശം ലളിതമാക്കാനാണ് ഞാൻ പരമാവധി ശ്രമിക്കുന്നത്. കൂടാതെ, ആത്മീയ മായും ബുദ്ധിപരമായും നിങ്ങൾ ഇതിൽ ഇടപെ ടണമെന്നും ഞാനാഗ്രഹിക്കുന്നു. വിവാഹത്തെക്കു റിച്ചുള്ള ശരിയായ ബൈബിൾ വീക്ഷണത്തോടെ നിങ്ങൾ ഇന്ന് വീട്ടിലേക്ക് മടങ്ങണം എന്നാണ് എന്റെ ആത്മാർ ത്ഥമായ പ്രാർത്ഥന.

ആദ്യമായി പുരാതന കാലത്തെ വിവാഹം എന്താ യിരുന്നു എന്ന് നോക്കാം.

പുരാതന കിഴക്കൻ സമീപ പ്രദേശങ്ങളിലും യിസ്ര ായേൽ സമൂഹത്തിന്റെ വ്യാപനത്തിലും വിവാഹത്തെ ഒരു ഉടമ്പടി (ബെറിത്ത്) എന്നാണ് വിളിച്ചിരുന്നത്. സാമ്പത്തിക ഇടപാടുകൾ, നിബന്ധനകൾ, പിഴകൾ എന്നിവയൊക്കെ അടങ്ങുന്ന ഒരു കരാർ. വിവാഹത്തെ ഒരു കരാറായി മാത്രമേ അവർ കണ്ടിരുന്നുള്ളൂ.

*ബെറിത്ത്* എന്ന എബ്രായ പദം ദൈവവു മായുള്ള ഉടമ്പടിയുടെ സന്ദർഭങ്ങളിലും ഉപയോ ഗിച്ചിരുന്നു. ഉദാഹരണത്തിന്, ഒരു പുതിയ ഉടമ്പടിയെ ക്കുറിച്ച് യിരെമ്യാപ്രവാചകൻ എഴുതുന്നതായി കാണാം. (യിരെമ്യാവ് 31:32) 'ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ചു മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമം (ബെറീത്ത്) പോലെയല്ല; ഞാൻ അവർക്കു ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം (ബെറീത്ത്) ലംഘിച്ചുകളഞ്ഞു എന്നു യഹോവയുടെ അരുളപ്പാടു.'

എങ്ങനെയാണ് പഴയ നിയമത്തിൽ വിവാഹത്തെ ദൈവവും യിസ്രായേലുമായി ബന്ധപ്പെടുത്തിയിരിക്കുന്നത്.

ഇതിനായി നമുക്ക് ഉല്പത്തിയിലെ സൃഷ്ടിപ്പിന്റെ ഭാഗത്തിലേക്ക് ഒന്ന് തിരികെ സഞ്ചരിക്കേണ്ടിവരും.

ദൈവം 6 ദിവസം കൊണ്ടാണ് ലോകത്തെ സൃഷ്ടിച്ചത്, ഭൂമിയെ മുഴുവൻ തന്റെ വിശുദ്ധനിവാസും ആലയവുമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് വിവാഹത്തെ സ്ഥാപിച്ചത്.

ഉല്പത്തി 1, 2 അധ്യായങ്ങളിൽ ഏഴ് കാര്യങ്ങൾ ചുരുക്കി പറഞ്ഞിരിക്കുന്നത് നമുക്ക് ശ്രദ്ധിക്കാം.

1. 'നമുക്ക് നമ്മുടെ സാദൃശ്യത്തിലും സ്വരൂപത്തിലും മനുഷ്യനെ ഉണ്ടാക്കാം' എന്ന് ദൈവം പറഞ്ഞു.
2. ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു.
3. ദൈവം പറഞ്ഞു: 'നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയ്ക്കുക; അതിനെ കീഴടക്കി ആധിപത്യം സ്ഥാപിക്കുക.'
4. കർത്താവായ ദൈവം മനുഷ്യനെ തോട്ടത്തിൽ ആക്കി.
5. കർത്താവ് പറഞ്ഞു: 'മനുഷ്യൻ തനിച്ചായിരിക്കുന്നത് നല്ലതല്ല; ഞാൻ അവന് തക്ക ഒരു തുണയെ കൊടുക്കും.'
6. മനുഷ്യൻ എല്ലാ കന്നുകാലികൾക്കും പേരുകൾ നൽകി, പക്ഷേ ആദാമിന് തക്ക ഒരു തുണയെ കണ്ടെത്തിയില്ല.
7. അങ്ങനെ ദൈവം ഒരു സ്ത്രീയെ ഉണ്ടാക്കി പുരുഷന്റെ അടുക്കൽ കൊണ്ടുവന്നു.

ആദാമിനും ഹവ്വായ്ക്കും ദിവസം മുഴുവൻ സുന്ദരമായി ഭക്ഷണം കഴിക്കാനും, മിഠായിക്കടയിൽ കയറിയ കുട്ടികളെപ്പോലെ ആവേശത്തോടെ തുള്ളിച്ചാടി നടക്കുവാനും വേണ്ടിയല്ല ദൈവം ഏദൻ തോട്ടം ഉണ്ടാക്കിയത്. സാധാരണ വായനക്കാരുടെ പൊതുനിലവാരത്തിലുള്ള ഒരു വീക്ഷണം അപ്രകാരമാണ്.

പകരം, ഏദൻ തോട്ടം എന്നത് യഹോവയുടെ വിശുദ്ധ ആലയത്തിന്റെ സങ്കീർണ്ണമായ ഒരു രൂപരേഖയായിരുന്നു. ആദം/ഹവ്വമാർ പുരോഹിതർ എന്ന നിലയിൽ ദൈവത്തിന്റെ ആലയമായ തോട്ടത്തെ കാത്തുസൂക്ഷിക്കേണ്ടവരുമായിരുന്നു.

കഥയിൽ പറയുന്നതുപോലെ, ആദ്യ മനുഷ്യജോഡി സർപ്പത്താൽ (അഭൗമിക ദുഷ്ടജീവി), വഞ്ചിക്കപ്പെടുന്നു. പിന്നീട് ദൈവം നീതിപൂർവ്വം അവരെ തോട്ടത്തിൽ നിന്ന് പുറത്താക്കുകയും അവരെ അവരുടെ അധികാരപരിധിയിൽ നിന്ന് ഒഴിവാക്കുകയും, അവർക്കുമേൽ ശാപം ചൊരിയുകയും ചെയ്യുന്നു.

ദൈവശാസ്ത്രപരമായി നാം പറയുന്ന ആ 'വലിയ വിഴ്ചയിൽ' നിന്നും അവരെ രക്ഷിക്കുവാനും യഥാസ്ഥാനത്താക്കുവാനും ദൈവം അവർക്ക് ഒരു മശിഹായെ വാഗ്ദാനം ചെയ്യുന്നു. പിന്നീട്, ഉല്പത്തി 12-ൽ, ദൈവം അബ്രഹാമിനെ ബഹു ജാതികളുടെ പിതാവായി വിളിക്കുകയും അവനുമായി ഒരു ഉടമ്പടി ചെയ്യുകയും അവനിലൂടെ ലോകത്തെ രക്ഷിക്കുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

യഹോവ അബ്രാമിനോട് അരുളിച്ചെയ്തതെന്തെന്നാൽ: നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെ

യും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ട്, ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക. ഞാൻ നിന്നെ വലിയോരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും (ഉൽപത്തി 12:1-3).

ഒടുവിൽ, അബ്രഹാമിന്റെ സന്തതികളായ ഇസഹാക്ക്, യാക്കോബ് തുടങ്ങിയവരിലൂടെ ദൈവം ഇസ്രായേൽ രാഷ്ട്രത്തെ രൂപീകരിക്കുകയും ദൈവത്തിന്റെ ഉടമ്പടി പദ്ധതിക്ക് തുടക്കമിടുകയും ചെയ്തു.

പുറപ്പാട് 19 :6 'നിങ്ങൾ എനിക്കു ഒരു പുരോഹിതരാജത്വവും വിശുദ്ധജനവും ആകും.'

അതു കൊണ്ട് ലോകത്തെ രക്ഷിപ്പാനായി ദൈവം യിസ്രായേൽ മക്കളെ അതിനുള്ള ഉപകരണങ്ങളാക്കി.

സൃഷ്ടി മുതൽ ദൈവത്തിന്റെ സ്വന്തം രാജ്യ നിർമ്മാണം വരെയുള്ള വളരെ സമ്പന്നവും ശക്തവുമായ ഈ സന്ദർഭത്തിലാണ്, പഴയനിയമത്തിലെ പ്രവാചകന്മാർ, പ്രാഥമികമായി രണ്ടാം ആലയ കാലഘട്ടത്തിൽ, വൈവാഹിക ഭാഷയിൽ ബൈബിൾ കഥ നെയ്യാൻ തുടങ്ങുകയും എക്കാലത്തെയും വലിയ പ്രണയകഥയെക്കുറിച്ച് എഴുതുകയും ചെയ്യുന്നത്. അതൊരു പുരുഷനും സ്ത്രീയും തമ്മിലുള്ള കഥയല്ല, യഹോവയ്ക്കും അവന്റെ മണവാട്ടിയായ 'ഇസ്രായേലിനും' ഇടയിലാണ് അതു നമുക്കു ദൃശ്യമാകുന്നത്.

ഏകദേശം ബി.സി.ഇ. എട്ടാം നൂറ്റാണ്ടിൽ പന്ത്രണ്ട് ’ചെറിയ’ പ്രവാചകന്മാരിൽ ആദ്യത്തെയാളായ ഹോശേയ

പ്രവാചകൻ എഴുതുന്നു:

ഹോശേയ 2:19, 20 'ഞാൻ നിന്നെ സദാകാലത്തേക്കും എനിക്കു വിവാഹത്തിന്നു നിശ്ചയിക്കും; അതേ, നീതിയോടും ന്യായത്തോടും ദയയോടും കരുണയോടും കൂടെ നിന്നെ എനിക്കു വിവാഹത്തിന്നു നിശ്ചയിക്കും.'

ഞാൻ വിശ്വസ്തതയോടെ നിന്നെ എനിക്കു വിവാഹത്തിന്നു നിശ്ചയിക്കും; നീ യഹോവയെ അറികയും ചെയ്യും.

ഏകദേശം ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ വലിയ പ്രവാചകന്മാരിലൊരുവനായ യിരമ്യാവ് ഇങ്ങനെയെഴുതുന്നു: യിരെമ്യാവ് 2:2 'നീ ചെന്നു യെരൂശലേം കേൾക്കെ വിളിച്ചു പറയേണ്ടതു; യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു മരുഭൂമിയിൽ, വിതെക്കാത്ത ദേശത്തു തന്നേ, നീ എന്നെ അനുഗമിച്ചു നടന്ന നിന്റെ യൌവനത്തിലെ ഭക്തിയും വിവാഹം നിശ്ചയിച്ച കാലത്തിലെ സ്നേഹവും ഞാൻ ഓർക്കുന്നു.'

നിങ്ങൾക്ക് ഞാൻ പറയുന്നത് മനസിലാക്കാൻ കഴിയും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

വിവാഹം പോലുള്ള ഒരു പൊതുവായ ചടങ്ങ് ദൈവശാസ്ത്രപരമായ അർത്ഥം കൈവരിക്കുന്നത് യിസ്രായേലിന്റെ കഥയിലാണ്.

എങ്ങനെയായാലും വിവാഹം എന്നത് ഭർത്താവിന്റെയും ഭാര്യയുടെയും ഭൗതികമായ പങ്കിന്റെ പ്രാധാന്യത്തെ മറയ്ക്കുകയും പകരം ദൈവത്തെയും അവന്റെ ജനത്തെയും യഥാർത്ഥ അർത്ഥമാക്കുകയും ചെയ്യുന്നു.

യിസ്രായേൽ ജനതയ്ക്ക് ഒരിക്കൽ കാണാൻ പറ്റാതെ പോയ, ലോകത്തോടുള്ള യഹോവയുടെ സ്നേഹത്തെ മനസിലാക്കാൻ, അവരെ സഹായിച്ചത് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ദാമ്പത്യത്തിന്റെ ഈ ഭൗതികവശമാണ്.

യഹോവയും യിസ്രായേലും തമ്മിലുള്ള വിവാഹത്തിന്റെ ആലങ്കാരിക ഭാഷ വളരെ പ്രാധാന്യമർഹിക്കുന്നത് എന്തുകൊണ്ടാണ്?

യഹോവയുടെയും യിസ്രായേലിന്റെയും വൈവാഹിക ഉദ്ദേശം എന്നത് 'പാലും തേനും ഒഴുകുന്ന' അല്ലെങ്കിൽ മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഭൗമികമായ അനുഗ്രഹമോ ഇക്കാലത്ത് കേൾക്കുമ്പോലെ എല്ലാറ്റിലും സമൃദ്ധി നേടുവാൻ വേണ്ടിയോ ആയിരുന്നില്ല.

ചുറ്റുപാടുമുള്ള ജനതകൾ അവരുടെ പേരിൽ വിറയ്ക്കാൻ തക്കവിധം വലിയൊരു സൈന്യം അവർക്ക് ഉണ്ടാക്കുവാനുമല്ല.

ലളിതമായ കാരണം പരിശോധിച്ചാൽ, യിസ്രായേലുമായുള്ള യഹോവയുടെ വിവാഹത്തിലൂടെ ദീർഘകാലമായി അവർ കാത്തിരുന്ന മിശിഹൈക രാജാവിനെ അതായത് യേശുക്രിസ്തുവിനെ കൊണ്ടുവന്നു എന്നതാണ്!

ഒന്നുകൂടെ ലളിതമായി പറഞ്ഞാൽ ദൈവവും യിസ്രായേലുമായി കൂടിച്ചേർന്നതിന്റെ ഫലമായി ഭൂമിയുടെ രക്ഷകനും കർത്താവുമായ യേശുക്രിസ്തു ജഡത്തിൽ അവതരിച്ചു.

വിവാഹം എന്ന ആശയത്തിൽ നിറഞ്ഞുനിൽക്കു

ന്നത് ദൈവശാസ്ത്രമാണ്.

രണ്ട് സമാന്തര കഥകൾ ആദാമും ഹവ്വയും, യഹോവയും ഇസ്രായേലും ഒരേപോലെ ഒഴുകുന്ന രണ്ട് നദികൾ പോലെ, ഒന്ന് ഭൗതിക കാഴ്ചപ്പാടിൽ നിന്നും, മറ്റൊന്ന് ആത്മീയ കാഴ്ചപ്പാടിൽ നിന്നും മിശിഹയുടെ ജനനത്തിലേക്ക് 'ഇമ്മാനുവേൽ, ദൈവം നമ്മോടുകൂടെ' എന്നതിലേക്ക് കൂടിച്ചേരുന്നു. ക്രിസ്തുമസ് കാലത്ത് നാം മിശിഹായുടെ ജനനത്തെക്കുറിച്ചുള്ള ഇത്തരം പാട്ടുകൾ കേൾക്കാറുണ്ട് ! 'ലോകത്തിന് സന്തോഷം, കർത്താവ് വന്നിരിക്കുന്നു. ഭൂമി അവളുടെ രാജാവിനെ സ്വീകരിക്കട്ടെ!'

## *വിവാഹം മിശിഹയെ സംബന്ധിച്ചുള്ളതാണ്*

## *വിവാഹം ദൈവശാസ്ത്രപരമാണ്*

ഖേദകരമെന്നു പറയട്ടെ ഇന്നത്തെ നമ്മുടെ തലമുറയലോ പ്രത്യേകിച്ച് നമ്മുടെ സഭകളിലോ, ഒരു ശരാശരി ക്രിസ്ത്യാനി വിവാഹത്തെ മനസ്സിലാക്കുന്നത് ഇങ്ങയെല്ല.

എന്നാൽ യഥാർത്ഥ ദൈവശാസ്ത്രം നമ്മുടെ ആധുനിക ധാരണകളിൽ നിന്ന് വളരെ അകലെയാണ്, എന്തുകൊണ്ടെന്നാൽ:

അടിസ്ഥാനപരമായി നമ്മുടെ വികാരങ്ങൾ നമ്മെ ഭരിക്കുന്നു.

അല്ലെങ്കിൽ, ചിലരുടെ വിവാഹത്തെക്കുറിച്ചുള്ള ധാരണകളെ മാധ്യമങ്ങൾ സ്വാധീനിക്കുന്നു. അവിടെ തങ്ങൾക്കു ബോധിച്ചവരെ വിവാഹം കഴിക്കാമെന്നവർ കരുതുന്നു. നമുക്കു ഇഷ്ടമുള്ളിടത്ത് നിന്ന്, നാം ഇഷ്ടപ്പെടുമ്പോൾ, ഇഷ്ടമുള്ള കാലത്തോളം ഇപ്ര

കാരമുള്ള അവസാനമില്ലാത്ത പട്ടികകളവർ മെനയുന്നു.

അല്ലെങ്കിൽ, ചിലർ ഒരു സ്റ്റാറ്റസ് സിംബലിന്റെ ഭാഗമായി വിവാഹം കഴിക്കുന്നു വിദ്യാഭ്യാസ യോഗ്യതകൾ സൂക്ഷ്മമായി അന്വേഷിക്കുന്നവരെയാണ് ഞാൻ ഉദ്ദേശിക്കുന്നത്, അതായത്, വിവാഹം കഴിക്കുന്ന വ്യക്തിക്ക് എന്ത് ബിരുദമാണുള്ളത് എന്നതിനെക്കുറിച്ചായിരിക്കും അവരുടെ നോട്ടം.

അല്ലെങ്കിൽ ചിലർ വിവാഹം കഴിക്കുന്നത് ഏതെങ്കിലും പ്രവാചകൻ പറഞ്ഞതനുസരിച്ചാകും. ‘എല്ലാം കൊണ്ടും തികഞ്ഞ‘ വിവാഹം എന്നൊന്നില്ല, എന്നാൽ ‘ഉത്തമമായ വിവാഹം’ ഉണ്ട്, അവിടെ നിങ്ങൾക്ക് പ്രവചനമല്ല, ജ്ഞാനമാണ് ആവശ്യം ! ബൈബിൾ പ്രകാരമുള്ള പ്രവാചകന്മാർ ഒരിക്കലും വിവാഹ ബ്രോക്കർമാരല്ല എന്നും നാം അറിയണം.

അല്ലെങ്കിൽ, മറ്റുചിലർ വിവാഹം കഴിക്കുന്നത് അതൊരു പൊതുവായ രീതി ആയതിനാൽ മാത്രമാണ്. അതല്ലാതെ അവർക്കു മറ്റൊരു വഴിയുമില്ല.

അല്ലെങ്കിൽ, ചിലർ വിവാഹിതരാകുന്നത് അവർക്കു പ്രായം കൂടുന്നതുകൊണ്ടാണ്, കാനഡയിലേക്ക് പോകുവാൻ അപേക്ഷിക്കുന്നവർക്ക്, പ്രായത്തിനനുസരിച്ച് പോയിന്റുകൾ കുറയുന്നതുപോലെ. കൂടുതൽ സമയം കാത്തിരുന്നാൽ ഒരു പങ്കാളിയെ കണ്ടെത്താനാവില്ലെന്നവർ ഭയക്കുന്നു.

അല്ലെങ്കിൽ, മറ്റുചിലർ ‘ലോകം ആസ്വദിക്കൂ‘ എന്ന ഉദ്ധരണി ഉദ്ധരിച്ച് വിവാഹം വൈകിപ്പിക്കുന്നു. കാരണം

അവർ അവരുടെ ഔദ്യോഗിക ജീവിതത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ശ്രമിക്കുന്നു.

ജാതികളായവർക്ക് അല്ലെങ്കിൽ ക്രിസ്ത്യാനി അല്ലാത്തവരെ സംബന്ധിച്ചിടത്തോളം മുകളിൽ പറഞ്ഞ കാര്യങ്ങൾ തെറ്റാണെന്ന് ഞാൻ പറയുന്നില്ല, എന്നാൽ ക്രിസ്തുവിന്റെ ക്രൂശ് ചുമക്കുന്നവർ എന്നവ കാശപ്പെടുന്നവർക്ക് ഇത് ഗുരുതരവും നാശകരവുമായ വഴിതെറ്റലാണ്. ദൈവവചന സത്യങ്ങളിൽ നിന്നുള്ള വഴി മാറ്റമാണ്. ദൈവവുമായുള്ള ഉടമ്പടിയുടെ ലംഘനം! എന്നുവേണമതിനെ പറയാൻ.

ഒരു ക്രിസ്ത്യൻ വിവാഹം എന്നത് അടിസ്ഥാ നപരമായി യഹോവയുടെ ഉല്പത്തിയിലെ അധി കാര കൈമാറ്റത്തെ നിറവേറ്റുകയും, അതുവഴി പുരുഷ ന്റെയും സ്ത്രീയുടെയും ഐക്യത്തിലൂടെ, ഭൂമിയുടെ അറ്റങ്ങളിലേക്ക് രക്ഷ എത്തിക്കുന്നതായും നമുക്ക് കാണാൻ കഴിയുന്നു.

അതിനാൽ, വിവാഹത്തിന് ഒരു ദൈവശാസ്ത്ര ചട്ട ക്കൂടുണ്ട്, ഇത് ഒരു ക്രിസ്ത്യൻ വിവാഹത്തിന്റെ ആഴത്തി ലുള്ള അർത്ഥം മനസ്സിലാക്കുന്നതിൽ പ്രധാനവുമാണ്.

രണ്ടാമതായി വിവാഹത്തിന്റെ കാര്യത്തിൽ പുതിയ നിയമം എന്താണ് പറയുന്നത്?

***പുതിയ നിയമത്തിന് കീഴിലുള്ള തത്വവും പഴയനിയമ ത്തിന് സമാനമാണ്.***

യേശുക്രിസ്തുവിലൂടെയാണ് വിവാഹമടക്കമുള്ള സകല വചന വ്യാഖ്യാനങ്ങളും ഉണ്ടാകേണ്ടത്.

പണ്ഡിതന്മാർ 'ഹൈ ക്രിസ്റ്റോളജി', (ഉയർന്ന ക്രി സ്തു ശാസ്ത്രം) 'ക്രിസ്റ്റോസെൻട്രിക്' (ക്രിസ്തു കേന്ദ്രീ

കൃതമായ) തുടങ്ങിയ വാക്യങ്ങളാണ് ഉപയോഗിക്കുന്നത്, പുതിയ നിയമത്തിൽ പൗലോസ് 'എൻ ക്രിസ്റ്റോ' അതായത് 'ക്രിസ്തുവിൽ', യേശുക്രിസ്തുവിന്റെ കേന്ദ്രീകരണത്തെ പ്രതിനിധീകരിക്കാൻ ഒരു പ്രധാന ദൈവശാസ്ത്ര വാക്യശകലം ഉപയോഗിക്കുന്നു.

അതിനാൽ വിവാഹം എന്നത് ക്രിസ്തുവിൽ കാണുവാൻ ഇടയാകണം

മറ്റേതെങ്കിലും മാർഗം വിലകുറഞ്ഞതും പുതിയ നിയമത്തിലെ ദൈവശാസ്ത്രത്തോട് നീതി പുലർത്തുന്നതുമല്ല.

അതിശയകരമെന്നു പറയട്ടെ, പഴയനിയമത്തിൽ നിന്ന് ഞാൻ നിങ്ങൾക്കായി വിവരിച്ച അതേ വിവാഹത്തെയാണ് പൗലോസും പുതിയനിയമത്തിൽ വ്യാഖ്യാനിച്ചു കാണുന്നത്.

പൗലോസ് എഫെസ്യർക്കു ലേഖനം എഴുതുമ്പോൾ ഭാര്യാഭർത്താക്കന്മാർക്കുള്ള ഭാഗത്തിൽ, ഉല്പത്തിയിലെ അതേ വാക്യം തന്നെ ഉദ്ധരിച്ച് ശ്രദ്ധേയമായ ഒരു അഭിപ്രായം രേഖപ്പെടുത്തുന്നു.

എഫെസ്യർ 5:31-32 'അതു നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും. ഈ മർമ്മം വലിയതു; ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നതു.'

അവസാന വാക്യം നിങ്ങൾക്ക് വ്യക്തമാകാൻ ഒരിക്കൽക്കൂടെ ആവർത്തിക്കട്ടെ ഈ രഹസ്യം അഥവാ മർമ്മം വലിയതാണ്, ഇത് ക്രിസ്തുവിനെയും സഭയെയും സൂചിപ്പിക്കുന്നുവെന്ന് ഞാൻ പറയുന്നു.

പഴയനിയമത്തിൽ നിന്ന് യിസ്രായേലുമായുള്ള യഹോവയുടെ വിവാഹത്തിന്റെ എല്ലാ ഘടകങ്ങളും പുതിയ നിയമ വിവാഹത്തിൽ ഉണ്ടെന്നാണ് പൗലോസ് പ്രധാനമായും പറയുന്നത്.

എങ്ങനെ ഭക്ഷണം ഉണ്ടാക്കണം, എവിടെ താമസിക്കണം, എത്ര കുഞ്ഞുങ്ങളുണ്ടാകണം, ഏത് കാർ വാങ്ങണം, ഓരോ വിവാഹിതരും ആത്യന്തികമായി നടത്തുന്ന ഇത്തരം ലൗകിക ചിന്തകളേക്കാൾ ഉയർന്ന പദ്ധതി പൗലോസ് വിവാഹത്തിനു നൽകുന്നു.

പൗലോസിനെ സംബന്ധിച്ചിടത്തോളം ഈ ചെറിയ തീരുമാനങ്ങൾ അദ്ദേഹത്തിന്റെ വലിയ ചർച്ചാ വിഷയങ്ങളല്ല.

നഷ്ടപ്പെട്ടവരെ രക്ഷിക്കാൻ, കൂടാതെ, ക്രിസ്തുവിന്റെ ശരീരമായ സഭയെ പക്വതയിലെത്തിക്കുക എന്നീ ഇരട്ട ദൗത്യത്തിൽ പൗലോസ് ഉത്കണ്ഠാകുലനാകുന്നു. എഫെസ്യർ 5-ാം അദ്ധ്യായം മുതൽ 6-ാം അദ്ധ്യായം വരെ നാം തുടർമാനമായി വായിക്കുകയാണെങ്കിൽ, പൗലോസ് അതേ പദം 'മിസ്റ്ററി' (മർമ്മം), എന്നുതന്നെയാണ് ഉപയോഗിച്ചു കാണുന്നത്, എന്നാലിത് വിവാഹത്തിന് ഉപയോഗിച്ചിരുന്നെങ്കിലും പിന്നീടത് സുവിശേഷത്തെ പരാമർശിച്ചാണ് ഉപയോഗിക്കുന്നത്.

'ഞാൻ ചങ്ങല ധരിച്ചു സ്ഥാനാപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമം പ്രാഗല്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായ് തുറക്കുമ്പോൾ എനിക്കു വചനം നല്കപ്പെടേണ്ടതിനും ഞാൻ സംസാരിക്കേണ്ടും വണ്ണം അതിൽ പ്രാഗല്ഭ്യത്തോടെ സംസാരിക്കേണ്ടതിനും പ്രാർത്ഥിപ്പിൻ' (എഫെസ്യർ 6:19).

പൗലോസിന്റെ ഏറ്റവും പ്രയാസമേറിയതും വെല്ലുവിളി നിറഞ്ഞതുമായ, വിവാഹമുൾപ്പെടെയുള്ള ധാരാളം വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഒരു ലേഖനമാണ് കൊരിന്ത്യർ. നമ്മുടെ മനസ്സ് മനസ്സിലാക്കാൻ പാടുപെടുന്ന ചില ധീരമായ പ്രസ്താവനകൾ നമുക്കവിടെ കാണുവാൻ കഴിയും.

1 കൊരിന്ത്യർ 7:28-31

'നീ വിവാഹം ചെയ്താലും ദോഷമില്ല; കന്യകയും വിവാഹം ചെയ്താൽ ദോഷമില്ല; എങ്കിലും ഇങ്ങനെയുള്ളവർക്കു ജഡത്തിൽ കഷ്ടത ഉണ്ടാകും; അതു നിങ്ങൾക്കു വരരുതു എന്നു എന്റെ ആഗ്രഹം. എന്നാൽ സഹോദരന്മാരേ, ഇതൊന്നു ഞാൻ പറയുന്നു: കാലം ചുരുങ്ങിയിരിക്കുന്നു; ഇനി ഭാര്യമാരുള്ളവർ ഇല്ലാത്തവരെപ്പോലെയും കരയുന്നവർ കരയാത്തവരെപ്പോലെയും സന്തോഷിക്കുന്നവർ സന്തോഷിക്കാത്തവരെപ്പോലെയും വിലെക്കു വാങ്ങുന്നവർ കൈവശമാക്കാത്തവരെപ്പോലെയും ലോകത്തെ അനുഭവിക്കുന്നവർ അതിനെ അനുഭവിക്കാത്തവരെപ്പോലെയും ആയിരിക്കേണം. ഈ ലോകത്തിന്റെ രൂപം ഒഴിഞ്ഞുപോകുന്നുവല്ലോ.'

അപ്പോസ്തോലനായ പൗലോസ് വിവാഹം എന്ന വിഷയത്തിൽ ക്രിസ്തീയ സഹോദരനെയും സഹോദരിയെയും അന്ത്യകാലശാസ്ത്രത്തിലേക്കാണ് ശ്രദ്ധകേന്ദ്രീകരിക്കുവാൻ പ്രേരിപ്പിക്കുന്നത്!

ഇത് നമുക്ക് വളരെ ആശ്ചര്യമുളവാക്കുകയും ചെയ്യുന്നു. അത്തരം തിരുവെഴുത്തുകൾ എല്ലാ വിവാഹ ചടങ്ങുകളുടെയും ഭാഗവും പ്രാധാന്യമുള്ളതും ആയിരിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

എന്റെ സന്ദേശത്തിന്റെ അവസാന ഭാഗം ചില ഉപ സംഹാര കുറിപ്പുകളാണ്, വിവാഹത്തിന്റെ പഴയ നിയമ വും പുതിയ നിയമവുമായുള്ള ചില താരതമ്യങ്ങൾ കൂടെ ചൂണ്ടിക്കാട്ടുവാൻ ആഗ്രഹിക്കുന്നു.

| *പഴയനിയമം* | *പുതിയനിയമം* |
|---|---|
| വിവാഹത്തെ യഹോവയും യിസ്രായേലും തമ്മിലുള്ള തായി ചിത്രീകരിക്കുന്നു | ക്രിസ്തുവും തന്റെ സഭ യും തമ്മിലുള്ള വിവാഹ മാണ് ചിത്രീകരിച്ചിരിക്കു ന്നത് |
| വിവാഹത്തിലൂടെ മിശിഹാ ജനിക്കപ്പെട്ടു | വിവാഹം സുവിശേഷത്തി ലൂടെ രക്ഷയെ ജനിപ്പിച്ചു |
| വിവാഹം മിശിഹായായ യേശുക്രിസ്തുവിനെ കാത്തിരിക്കുന്നു | വിവാഹം മിശിഹായായ യേശുക്രിസ്തുവിന്റെ മടങ്ങിവരവിനായി കാത്തി രിക്കുന്നു |

പ്രിയ ബന്ധുമിത്രാദികളെ,

നാം ജീവിക്കുന്നത് ഒരു മതേതര ലോകത്തിലാണ്. ടിവി, സുഹൃത്തുക്കൾ, യൂട്യൂബർമാർ, ഫേസ്ബുക്ക്, പണം വർദ്ധിപ്പിക്കുന്നതിനുള്ള എണ്ണമറ്റ സംരംഭങ്ങൾ എന്നി വയുംമറ്റും അനേകരെ വളരെയധികം സ്വാധീനിക്കുന്നു. വേദപുസ്തകത്തിന്റെ വിമർശനരഹിതമായ വായനമൂലം ഇത്തരം അനാരോഗ്യകരമായ വ്യാപനം നമ്മുടെ ആത്മീയ ഇന്ദ്രിയങ്ങളെദുർബലപ്പെടുത്തി. യാക്കോബിൽ പറയുന്നതു പോലെ, ഒടുവിൽ നമ്മൾ ലോകത്തിന്റെ സുഹൃത്തുക്ക ളായി അഥവാ ലോകത്തിനു അനുരൂപരായി മാറുന്നു.

വിവാഹമെന്നത് ലൗകികമായ ചില കാരണങ്ങളാൽ രണ്ടുപേർ കൂടിച്ചേരുക എന്നതു മാത്രമല്ലെന്നും, വിവാഹം ബൈബിളധിഷ്ഠിതവും രക്ഷാകരവും യേശുക്രിസ്തുവിന്റെ മടങ്ങിവരവിനായുള്ള  പ്രത്യാശ നൽകുന്നതുമായിരിക്കട്ടെ എന്ന് മനസ്സിലാക്കാൻ ഞാൻ എന്റെ വായനക്കാരോട്, പ്രത്യേകിച്ച് ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്നവരോട്  അപേക്ഷിക്കുന്നു:

എഫെസ്യർ 5:25-27, പൗലോസ് എഴുതുന്നു:

'ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്നും കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചുകൊടുത്തു.'

ഒരിക്കൽ കൂടെ ആവർത്തിക്കട്ടെ വിവാഹം എന്നത് മിശിഹായെ സംബന്ധിച്ചുള്ളതും ദൈവശാസ്ത്രപരവുമാണ്.

വിവാഹത്തെക്കുറിച്ചുള്ള ഈ സന്ദേശം  നിങ്ങളുടെ മുൻ ധാരണകളെ തിരുത്തട്ടെയെന്നും,  നമ്മുടെ മനോഭാവങ്ങളിലത്  ആധിപത്യം സ്ഥാപിക്കട്ടെ എന്നും  ഒടുവിലായി ഞാൻ  ആശംസിക്കുന്നു.

നിങ്ങളുടെ സമയത്തിനും ശ്രദ്ധക്കും നന്ദി, ഈ തിരുവെഴുത്തുകൾ കൊണ്ട് ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കട്ടെ.

*“Hey, I would like to know more.”*

***Join us at:***

## Word of God Church, Dubai

☎ +971 56 392 1933, +91 90375 88577

+91 90375 88577

wordofgodsons@gmail.com

**www.addtofaithblog.com**

**Find us on:**

**WordofGod Church** **thewordofgod_church**

**WordofGod Church**

*Printed and published by Word of God Church, Dubai*
*(for private circulation only)*